തോട്ടം തൊഴിലാളികളുടെ പണിമുടക്ക്

*2 [103] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*

,, *പി. ജയരാജൻ:*

,, *പിരപ്പൻകോട് മുരളി:*

,, *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികൾ നടത്തിയ പണിമുടക്ക് അവസാനിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലാളി സംഘടനകൾ പണിമുടക്കിനാധാരമായി ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ഇത് സംബന്ധിച്ച് സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ;

(ഡി) തൊഴിലാളികളുടെ ആവശ്യങ്ങളോട് മാനേജ്മെന്റുകളുടെയും സർക്കാരിന്റെയും സമീപനം എന്തായിരുന്നു എന്ന് വിശദമാക്കാമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):*

(എ) തോട്ടം തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങളെ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ചകൾ നടന്നുവരികയായിരുന്നു. 16-6-2005 മുതൽ തൊഴിലാളികൾ സമരം പ്രഖ്യാപിച്ച സാഹചര്യത്തിൽ 13-6-2005-ൽ എന്റെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ അടിയന്തിരയോഗം കൂടി ദീർഘമായി ചർച്ച നടത്തുകയുണ്ടായി. എന്നാൽ ഒരു സമവായം ഉണ്ടാകാത്തതിനെത്തുടർന്ന് അടുത്ത ദിവസം മുതൽ തൊഴിലാളികൾ സമരം ചെയ്തു. 22-6-2005- ന് സർക്കാർ മിനിമം വേതന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് വേതന പരിഷ്കരണത്തിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ഇതേത്തുടർന്ന് തോട്ടം തൊഴിലാളികൾ നടത്തി വന്നിരുന്ന പണിമുടക്ക് പിൻവലിക്കപ്പെട്ടു.

(ബി) 2002 ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുക, മരവിപ്പിച്ച ക്ഷാമബത്ത വർദ്ധന കുടിശ്ശിക സഹിതം പുനഃസ്ഥാപിക്കുക, നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, 2000-ത്തിനുശേഷം തോട്ടങ്ങളിൽ ഉണ്ടായിട്ടുള്ള എല്ലാ ഒഴിവുകളും നികത്തുക എന്നീ ആവശ്യങ്ങളാണ് തൊഴിലാളി സംഘടനകൾ പണിമുടക്കിനാധാരമായി ഉന്നയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചർച്ച നടത്തുകയുണ്ടായി. തോട്ടം തൊഴിലാളികളുടെ പണിമുടക്ക് ഒഴിവാക്കുന്നതിനുവേണ്ടി പ്ലാന്റേഷൻ ലേബർ കമ്മിറ്റി അടിയന്തിരമായി ചേർന്ന് 13-6-2005-ലും 14-6-2005-ലും എന്റെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തി. ഒത്തുതീർപ്പ് സാദ്ധ്യമാകാത്തതിനെത്തുടർന്ന് 14-6-2005-ന് വൈകിട്ട് വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടന്നു.

(ഡി) തൊഴിലാളികളുടെ ആവശ്യങ്ങളോട് ഉടമകൾക്ക് യോജിക്കാൻ കഴിഞ്ഞില്ല. 1-4-2002-ൽ മരവിപ്പിച്ച ക്ഷാമബത്ത തേയില, കാപ്പി മേഖലകളിൽ 1-1-2005 മുതലെങ്കിലും നൽകാനുള്ള നിർദ്ദേശം മാനേജ്മെന്റിന് സ്വീകാര്യമായിരുന്നില്ല. തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളോട് സർക്കാരിന് അനുഭാവപൂർവ്വമായ സമീപനമാണ് ഉണ്ടായിരുന്നത്.

ശ്രീ. സി. മോയിൻകുട്ടി: തോട്ടം മേഖലയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സാധ്യമായിട്ടുള്ള പല കാര്യങ്ങളും അങ്ങ് ചെയ്തിട്ടുണ്ട്. പക്ഷെ ഈ രംഗം ഗുരുതരമായിട്ടുള്ള വമ്പിച്ച പ്രതിസന്ധിയിലാണ്. മുൻപൊരിക്കലും അഭിമുഖീകരിക്കാത്ത ഗുരുതരമായിട്ടുള്ള പ്രതിസന്ധിയാണ്. നിരവധി സമരങ്ങളിലൂടെ അവകാശ പോരാട്ടങ്ങളിലൂടെ തൊഴിലാളികൾക്കുള്ള അവകാശം നൽകുന്നതിനുപോലും സാധ്യമല്ലാത്ത പരുവത്തിലേക്ക് മാനേജ്മെന്റ് മാറിയിരിക്കുകയാണ്. ഈ രംഗത്ത് ദാരിദ്ര്യവും പട്ടിണി മരണങ്ങളും എത്രയോ വർഷങ്ങളായി തുടർന്നു വരികയാണ്. ലാഭകരമല്ലാത്ത പലതും അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. കണ്ണൻ ദേവൻ പോലെയുള്ള അപൂർവ്വമായിട്ടുള്ള സ്ഥാപനങ്ങൾ മാത്രമാണ് ഈ രംഗത്ത് പിടിച്ചു നിൽക്കുന്നത്. ഈ ഗൗരവതരമായ പ്രതിസന്ധിക്ക് പല കാരണങ്ങളുമുണ്ടാകും. ആഗോളവൽക്കരണം മുതൽ ഇറക്കുമതി നയം വരെ നിരവധി പ്രശ്നങ്ങൾ ഉണ്ടാകാം. പക്ഷെ ഈ രംഗത്ത് സമൂലമായിട്ടുള്ള പരിഹാരം കാണുന്നതിനുവേണ്ടി ട്രേഡ് യൂണിയനുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു മുൻവിധിയില്ലാതെ എന്തൊക്കെയോ നിലപാടുകൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികൾ പരിഹരിക്കാൻവേണ്ടി എന്തൊക്കെ ചെയ്യാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട് എന്നുള്ളതാണ് പ്രശ്നം. അതുകൊണ്ട് എന്നെ സംബന്ധിച്ചിടത്തോളം തോട്ടം തൊഴിലാളി മേഖലയിൽനിന്ന് വരുന്ന ജനപ്രതിനിധിയെന്നുള്ള നിലയിൽ എനിക്ക് പറയാനുള്ളത്, ഈ രംഗത്ത് വളരെ ഗുരുതരമായ പ്രതിസന്ധി വർഷങ്ങളായി തുടർന്നു വരികയാണ്. അതുകൊണ്ട് തന്നെ ഈ രംഗത്ത് തൊഴിലാളികളുടെ മുഴുവൻ കഴിവ് പ്രയോജനപ്പെടുത്തിക്കൊണ്ട് മാനേജ്മെന്റുമായി സഹകരിച്ചുകൊണ്ട് പ്രായോഗികമായി എന്തൊക്കെ കർമ്മ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട് എന്ന് വിശദീകരിക്കാമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് ചോദിച്ചത് വളരെ വിശാലമായ ഒരു ചോദ്യമാണ്. ഇൻഡസ്ട്രി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനം തൊഴിലാളിയാണെന്ന് ഒരിക്കലും പറയാൻ കഴിയില്ല. പ്ലാന്റേഷൻ ഇൻഡസ്ട്രിക്ക് പല കാരണങ്ങളുണ്ട്. പ്രധാനമായും ഇതെല്ലാം ഓൾഡ് പ്ലാന്റേഷനാണ്. കേരളത്തിലുള്ള തോട്ടങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

75, 80 വർഷം പഴക്കമുള്ളവയാണ്. റീ പ്ലാന്റ് ചെയ്യേണ്ട കാലം കഴിഞ്ഞു. ബ്രിട്ടീഷുകാർ തുടങ്ങിയ തോട്ടങ്ങളാണ് മിക്കതും. അതിനുശേഷം നമ്മുടെ ഇൻഡ്യൻ കമ്പനികൾ വന്നതിനുശേഷം കാര്യമായ റീ പ്ലാന്റിംഗ് നടന്നില്ല. അന്തർദ്ദേശീയ തലത്തിൽ തേയിലക്കുണ്ടായിരുന്ന ഡിമാന്റ് കുറവ് നമ്മുടെ എക്സ്പോർട്ടിൽ വന്നിരിക്കുന്ന കുറവ്, തേയിലക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വിലയുടെ പ്രശ്നം, ഇങ്ങനെ വിവിധങ്ങളായ പ്രശ്നങ്ങൾ. അതിൽ തൊഴിലാളികളുടെ ഭാഗത്തുനിന്ന് അവരുടെ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം അവർ അവകാശവാദം ഉന്നയിക്കുന്നുണ്ട്. മാനേജ്മെന്റിന്റെ ഭാഗം പറഞ്ഞാൽ അവർ പ്രധാനമായും ആവശ്യപ്പെടുന്നത് കൂടുതൽ പ്രൊഡക്ഷനാണ്. അയൽ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പെർ വർക്കർ (per worker) പ്രൊഡക്ഷൻ കുറവാണെന്ന് മാനേജ്മെന്റിന് പരാതിയുണ്ട്. പക്ഷെ ഇത് കൂട്ടണമെങ്കിൽ തേയില തോട്ടങ്ങളുടെ പുനരുദ്ധാരണം നടക്കണം. ഇതിന്റെ ഈൗൽഡ് വർദ്ധിപ്പിക്കണം. ഇങ്ങനെയുള്ള പല സങ്കീർണ്ണമായ പ്രശ്നങ്ങളെ സംബന്ധിച്ച് ദേശീയ-അന്തർദ്ദേശീയ തലത്തിൽ നിരവധി കമ്മിറ്റികൾ പഠിച്ചിട്ടുണ്ട്. അവസാനമായി കേന്ദ്രഗവൺമെന്റ് കപൂർ കമ്മിറ്റിയുടെ പഠനത്തിലും മിസ്മാനേജ്മെന്റാണ് ഒരു കാരണമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ഇങ്ങനെ പല കാരണങ്ങൾ പറഞ്ഞിട്ടുണ്ട്. ടോട്ടലായിട്ട് നമുക്ക് മാത്രമായി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളല്ല. കേന്ദ്ര ഗവൺമെന്റ് കൂടി ഇടപെട്ടുകൊണ്ട് അതിന് പരിഹാരം കാണാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. മമായിൻകുട്ടി: പതിനായിരക്കണക്കിന് തൊഴിലാളികളെ നേരിട്ട് ബാധിക്കുന്ന വളരെ ഗൗരവതരമായ, കാലാകാലങ്ങളായി നിലനിൽക്കുന്ന പ്രതിസന്ധി നേരിൽ ബോധ്യപ്പെട്ടിട്ടുള്ള മാനേജ്മെന്റും തൊഴിലാളിയും തോട്ടം മുറിച്ച് വിൽക്കുകയെന്നുള്ള പരിപാടിയിലേക്കാണ് ഇന്ന് എത്തി നിൽക്കുന്നത്. മറയൂരിലെ നിരവധി തോട്ടങ്ങൾ മുറിച്ചു വിറ്റു വരികയാണ്. ഇത് ഒരു ഏകദേശധാരണയെന്ന നിലയിൽപോലും ഈ രംഗത്ത് വന്നുകഴിഞ്ഞിരിക്കുകയാണ്. ഏതായാലും ഞങ്ങളുടെയൊക്കെ മേഖലകളിൽ വിൽപ്പന വന്നിച്ച തോതിൽ വളർന്നു വരികയാണ്. അങ്ങനെ വിറ്റുകഴിഞ്ഞാൽ ഗവൺമെന്റിന് ഗൗരവതരമായ വരുമാനം പ്രതീക്ഷിക്കാവുന്നതാണ്. തോട്ടം തൊഴിലാളികളെ സംബന്ധിച്ച് ഒരു ഗുരുതരമായ പ്രശ്നം മറ്റൊരു പുതിയ ഡൈമെൻഷനിലേക്ക് വരികയാണ്. ഈ രംഗത്ത് തോട്ടം മുറിച്ച് വിൽക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ്, അത് തടയുന്നതിനുള്ള എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ? അങ്ങനെ വിൽക്കുമ്പോൾ അത് ഗവൺമെന്റ് എങ്ങനെ കാണുന്നു? തോട്ടം മുറിച്ച് വിൽക്കുന്ന ഏർപ്പാടുമായി ഗവൺമെന്റ് സഹകരിക്കുന്നുണ്ടോ? ട്രേഡ് യൂണിയന്റെ പരിപൂർണ്ണ അംഗീകാരത്തോടുകൂടിയാണോ തോട്ടം മുറിച്ചു വിൽക്കുന്നത് എന്നുകൂടി വിലയിരുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: തോട്ടം മുറിച്ച് വിൽക്കുന്നതിനോട് ഒരിക്കലും ഗവൺമെന്റ് യോജിക്കുകയില്ല. പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് മറ്റൊരു തരത്തിലും തോട്ടത്തിനെ കൺവർട്ട് ചെയ്യാൻ പറ്റില്ല. കേരളത്തിലെ സ്ഥിതി, ചില തോട്ടങ്ങൾ പട്ടണങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. അങ്ങനെയുള്ള സ്ഥലങ്ങളിൽ തോട്ടം നടക്കുന്നില്ല. റിയൽ എസ്റ്റേറ്റാണ്. ഇത് മുറിച്ച് വിൽക്കുന്നതാണെന്നുള്ളതുകൊണ്ട് ചില പ്ലാന്റേഷനെങ്കിലും അങ്ങനെ ഒരു ശ്രമം നടത്തുന്നുണ്ട്. പക്ഷെ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് ഒരു കാരണവശാലും പ്ലാന്റേഷൻ മറ്റൊരു തരത്തിലും കൺവർട്ട് ചെയ്യാൻ കഴിയില്ല. അതിനോട് ഗവൺമെന്റിന് യോജിക്കാൻ കഴിയില്ല.

ശ്രീ. യു. സി. രാമൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ തോട്ടം മേഖലയിൽ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 22-6-2005-ൽ പുറപ്പെടുവിക്കുകയുണ്ടായി എന്ന് പറയുകയുണ്ടായി. ഈ വിജ്ഞാപനമനുസരിച്ച് തേയില, കാപ്പി, റബ്ബർ തുടങ്ങിയ ഓരോ മേഖലയിലും തൊഴിലാളികൾക്ക് എത്ര ശതമാനം വർദ്ധനവ് ഇതിൽനിന്ന് ഉണ്ടാകുന്നതാണ് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ബാബു ദിവാകരൻ: പുതുക്കിയ നോട്ടിഫിക്കേഷൻ അനുസരിച്ച് റബ്ബർ മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ മിനിമം കൂലിയുടെ 30% വും കാപ്പി, തേയില, ഏലം തുടങ്ങിയ മറ്റ് പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലിയുടെ 16% വും വർദ്ധനവ് പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. അത് താൽക്കാലിക നോട്ടിഫിക്കേഷനാണ്. ഇതിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ കേട്ടതിനുശേഷം 90 ദിവസത്തിനകം ഇതുമായി ബന്ധപ്പെട്ട ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്.

ശ്രീ. യു. സി. രാമൻ: 16%, 30% ഒക്കെ വർദ്ധനവ് മുമ്പ് ഇല്ലാത്ത കീഴ്വഴക്കമാണ്. നന്ദിയുണ്ട്. വർദ്ധനവ് ആനുകൂല്യം തൊഴിലാളികൾക്ക് എന്നുമുതൽ ലഭ്യമാക്കും?

ശ്രീ. ബാബു ദിവാകരൻ: നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച ദിവസം മുതൽ ഇത് ബാധകമാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: എന്റെ നിയോജകമണ്ഡലത്തിലെ ഷോളയൂർ പഞ്ചായത്തിലാണ് തോട്ടം മേഖല പ്രധാനമായും ഉള്ളത്. കാപ്പിയുടെ വിലയിടിവ് ഷോളയൂർ പഞ്ചായത്തിലെ എൽ.ജി.ബി. എസ്റ്റേറ്റിലെ തൊഴിലാളികളുടെ ജീവിതത്തെ സാരമായി ബാധിച്ചിരിക്കുകയാണ്. അതുപോലെ തന്നെ അഗളിയിലും ഷോളയൂർ പഞ്ചായത്തിലും സ്ഥിതി ചെയ്യുന്ന അട്ടപ്പാടിയിലെ ആദിവാസികൾക്ക് തൊഴിൽ നൽകുന്ന ഹാമിംഗ് സൊസൈറ്റിയിൽ കാപ്പിത്തോട്ടമാണ് ഇന്ന് കൂടുതൽ ഉള്ളത്. അവിടുത്തെ വിലയിടിവ് തൊഴിലാളികളെ സാരമായി ബാധിച്ചിരിക്കുകയാണ്. ഈ രണ്ട് തോട്ടങ്ങളിലേയും തൊഴിലാളികളെ നിർബന്ധമായും സഹായിക്കേണ്ട ഘട്ടം വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ലേബർ ഡിപ്പാർട്ടുമെന്റിന് എന്ത് ചെയ്യാൻ കഴിയും എന്നതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : കാപ്പിയുടെ വില ഈ അടുത്തകാലത്തായി കുറച്ച് ഉയർന്നു വന്നിട്ടുണ്ട്. മറ്റൊന്നുംകൊണ്ടല്ല, കാപ്പിയുടെ ലഭ്യത കുറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് കാപ്പിയുടെ വില കുറച്ച് വർദ്ധിച്ചിട്ടുള്ളത്. അതുകൊണ്ട് കാപ്പിയുടെ പ്രശ്നത്തിൽ ചെറിയ അയവ് വന്നിട്ടുണ്ട്. തീർച്ചയായും ഡിപ്പാർട്ടുമെന്റ് ഇത് പരിശോധിച്ച് അരക്ഷിതാവസ്ഥയിലുള്ള മറ്റ് തോട്ടങ്ങളിലെ തൊഴിലാളികളുടെ കൂട്ടത്തിൽ ഈ തോട്ടങ്ങളിലെ തൊഴിലാളികളേയും ഉൾപ്പെടുത്തി എന്ത് സഹായം ചെയ്യാൻ കഴിയും എന്ന് പരിശോധിക്കാം.

ശ്രീ. കളത്തിൽ അബ്ദുള്ള : മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ ഷോളയൂർ പഞ്ചായത്തിലെ ടോമി ടീ കമ്പനി നടത്തുന്ന ശിരുവാണി എസ്റ്റേറ്റിൽ ധാരാളം തൊഴിലാളികളുണ്ട്. അതിൽ ധാരാളം തൊഴിലാളികൾ തമിഴ്നാട്ടിൽനിന്നു വന്ന് ജോലിയെടുക്കുന്ന തമിഴ് സുഹൃത്തുക്കളാണ്. ചില സമയത്ത് ഇവർ സീസണൽ വർക്കേഴ്സാണ്. അവരുടെ മക്കൾ കേവല സാക്ഷരത പോലും നേടാത്ത കുട്ടികളാണ്. പലപ്പോഴും വാണ്ടറിംഗ് പ്യൂപ്പിൾ ആയതുകൊണ്ടും സഞ്ചരിക്കുന്ന ജനപഥം ആയതുകൊണ്ടും സീസൺ കഴിഞ്ഞാൽ അവർ പോകും. വീണ്ടും സീസൺ ആയാൽ തിരിച്ചു വരുന്നു. ലയങ്ങളിൽ താമസിക്കുന്നവരുടെ മക്കളുടെ വിദ്യാഭ്യാസം വളരെ കഷ്ടമാണ്. കണ്ണായ സ്ഥലത്തല്ല തോട്ടങ്ങൾ സ്ഥിതിചെയ്യുന്നത്. വളരെ റിമോട്ട് ആയ സ്ഥലമായതുകൊണ്ട് വിദ്യാഭ്യാസ വകുപ്പിന് ചെക്ക് ചെയ്യാൻ കഴിയുന്നില്ല. പക്ഷേ അങ്ങയുടെ ഡിപ്പാർട്ടുമെന്റിന് ചെക്ക് ചെയ്യാൻ കഴിയും. തോട്ടങ്ങളിൽ സീസണൽ ലേബറേഴ്സായി പണി എടുക്കുന്ന തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ സുരക്ഷിതത്വം ഉറപ്പു വരുത്താൻ എസ്.എസ്.എ.-യുമായി ഒരു ചർച്ച ലേബർ ഡിപ്പാർട്ടുമെന്റ് നടത്തുകയും ചുരുങ്ങിയത് എം.ജി.എൽ.സി. -യിൽ എങ്കിലും ഈ കുട്ടികളെ ചേർക്കുന്ന കാര്യം ആലോചിക്കുമോ? ഈ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ശുഷ്കാന്തി കാണിക്കുമോ?

ശ്രീ. ബാബു ദിവാകരൻ : അങ്ങ് ഉയർത്തിയത് തോട്ടം മേഖലയിലാകെയുള്ള പ്രധാന പ്രശ്നമാണ്. ലയങ്ങളിലുള്ള കുട്ടികളുടെ ജീവിത സാഹചര്യം മെയിൻ സ്ട്രീമുമായി യാതൊരു ബന്ധവും ഇല്ലാത്തതുകൊണ്ട് അവരുടെ ജീവിത രീതിതന്നെ വ്യത്യസ്തമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനൊരു പരിഹാരം എന്ന നിലയിൽ ഒരു പ്രൊപ്പോസൽ പുതുതായി ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കയാണ്. ഒരു ഹാബിറ്റാറ്റ് ലയങ്ങൾ പുനഃസ്ഥാപിക്കുക മെയിൻ സ്ട്രീമിലേക്ക് അവരെ കൊണ്ടുവരത്തക്ക നിലയിൽ മെയിൻ റോഡുമായി ബന്ധപ്പെട്ട് അടുത്തു കിടക്കുന്ന തോട്ടങ്ങളിൽ അവർക്കുവേണ്ടി ഹാബിറ്റാറ്റ് ഉണ്ടാക്കുക. ഇത് ലോക്കൽ പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും, ജില്ലാ പഞ്ചായത്തും, സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും മോനേജ്മെന്റും കൂടിച്ചേർന്നാൽ വളരെ എളുപ്പത്തിൽ നടപ്പാക്കാൻ കഴിയും. ഇതിൽ പ്രവർത്തിയെടുക്കുന്നവരുടെ നല്ലൊരു ശതമാനം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വർക്കേഴ്സാണ്. അവരുടെകൂടി സഹായം ഇക്കാര്യത്തിൽ നേടാൻ കഴിയും. നൂറോ, ഇരുന്നൂറോ ലയങ്ങൾ ഒരുമിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

അതൊരു ഹാബിറ്റാറ്റ് ആയി ഡെവലപ് ചെയ്യും. അവിടെ പൊൽത്ത് സെന്റർ, പ്രൈമറി സ്കൂളടക്കം അങ്ങനെയുള്ള ഹാബിറ്റാറ്റ് പോലെ ഇത് ഡെവലപ് ചെയ്ത് തൊഴുത്തുകൾപോലെയുള്ള ലയങ്ങളിൽ നിന്ന് ഇവരെ കുറച്ചുകൂടി മെയിൻ സ്ട്രീമിലേക്ക് കൊണ്ടുവരാനുള്ള ശ്രമത്തിന്റെ ആദ്യപടി എന്ന നിലയിൽ ഒരു പ്രൊപ്പോസൽ ഈവർഷം തന്നെ നടപ്പാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ.എൻ.എ. ഖാദർ : സർ, സമരത്തെ തുടർന്ന് തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ട് കഴിഞ്ഞ 22-6-2005-ന് കേരള ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവനുസരിച്ചുള്ള കൂലി വർദ്ധനവ് തൊഴിലാളികൾക്ക് ലഭിച്ചു തുടങ്ങിയോ; അത് കൊടുക്കാൻ വിസമ്മതിക്കുന്ന തോട്ടം ഉടമകളുണ്ടെങ്കിൽ അവരുടെ പേരിൽ എന്തു നടപടി സ്വീകരിക്കാൻ സാധിക്കും, അതിന്റെ എഫക്ട് എന്താണ്, ഇംപാക്ട് എന്താണ് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ബാബു ദിവാകരൻ : ഇത് മിനിമം വേജസ് ആക്ടിലെ 52(ബി) അനുസരിച്ചുള്ള നോട്ടിഫിക്കേഷനാണ്. അതിൽ തൊഴിലാളികളുടെ ഭാഗത്തുനിന്നോ, മാനേജ്മെന്റിന്റെ ഭാഗത്തുനിന്നോ എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ അത് കേൾക്കുന്നതിനും അതുകൂടി കേട്ടശേഷം ഫൈനൽ നോട്ടിഫിക്കേഷൻ 90 ദിവസത്തിനകം പുറപ്പെടുവിക്കണം എന്നാണ് നിയമം. അതനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ കാലാവധി പ്രിലിമിനറി നോട്ടിഫിക്കേഷൻ വന്ന തീയതി മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ പുതുക്കിയ കൂലി കൊടുക്കാതിരിക്കുന്ന തോട്ടം ഉടമകളെ സംബന്ധിച്ചിടത്തോളം പേമെന്റ് ഓഫ് വേജസ് ആക്ട് അനുസരിച്ച്, പ്ലാന്റേഷൻ ആക്ട് അനുസരിച്ച് നിയമപരമായ നടപടികൾ എടുക്കാനുള്ള വകുപ്പുകളുണ്ട്. അതനുസരിച്ചുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ.എൻ.എ. ഖാദർ : സർ, തോട്ടം മേഖലയിൽ മറ്റ് മേഖലകളിലേതുപോലെ തന്നെ അവിടെ നിലനിൽക്കുന്ന വൈവിധ്യമാർന്ന പ്രശ്നങ്ങൾക്ക് ഒരു സമഗ്രമായ പരിഹാരമാണ് കാണേണ്ടത്. താൽക്കാലികമായി കൂലി പുതുക്കാനും സമരം ഒത്തു തീർപ്പാക്കാനുമുള്ള ചർച്ചകൾകൊണ്ട് ഈ വിഷയം അവസാനിക്കുന്നില്ല. ആഗോളവത്ക്കരണത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് മനസ്സിലാക്കാനും, അത് കേരളത്തിലെ റബ്ബർ, തേയില, ഏലം, കാപ്പി തുടങ്ങിയ തോട്ടം മേഖലകളിലുണ്ടായിട്ടുള്ള പ്രത്യാഘാതം വൻകിട തോട്ടം ഉടമകളേയും ചെറുകിട തോട്ടം ഉടമകളേയും ഏത് വിധത്തിൽ ബാധിക്കുന്നു, തൊഴിലാളികളുടെ അതുമായിട്ടുള്ള ബന്ധം, പ്രശ്നങ്ങൾ എന്താണ്, ഇറക്കുമതിയിൽ ഉണ്ടാക്കുന്ന വിഷമങ്ങൾ എന്തൊക്കെയാണ്, നല്ല ഒന്നാന്തരം ഏലം ഉൽപ്പാദിപ്പിക്കുന്ന കേരളത്തിൽ ഗ്വാട്ടിമാലയിൽ നിന്നുള്ള മൂന്നാംതരം ഏലം നമ്മൾ ഇറക്കുമതി ചെയ്യുന്നു. തേയിലയ്ക്ക് വില കിട്ടുന്നില്ല എന്ന് തോട്ടം ഉടമകൾ പറയുന്നു. പക്ഷേ മാർക്കറ്റിൽ പോയാൽ മിനിമം 125 മുതൽ 300, 400, 1000 രൂപവരെ വിലയാണ് തേയിലയ്ക്ക്. പക്ഷേ 40 രൂപപോലും വില കിട്ടുന്നില്ല എന്നാണ് തോട്ടം ഉടമകൾ പറയുന്നത്. ഈ സാഹചര്യത്തിൽ ഈ പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയാണ് വേണ്ടത്. (ഗ്ലോബലൈസേഷൻ) അതിൽ നിന്ന് എസ്കേപ്പ് ചെയ്യാൻ സാധിക്കില്ല. അതിനാൽ സർക്കാർ ഒരു പ്രത്യേക കമ്മീഷനെ നിയമിച്ച് ഈ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ : നമ്മുടെ തോട്ടം ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ ഗ്ലോബലൈസേഷന്റെ പശ്ചാത്തലത്തിൽ പുനക്രമീകരണം വേണം. ലോകത്തിന് ആവശ്യമുള്ള ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ച് കൊടുക്കാൻ നമുക്ക് കഴിയണം. സിലോണിൽ ചെന്നാൽ വിവിധയിനം തേയിലകളാണ് കിട്ടുന്നത്. ലെമൺ ടീ, ഓറഞ്ച് ടീ എന്നിങ്ങനെ വിവിധയിനം ഉൽപ്പന്നങ്ങളാണ് കിട്ടുന്നത്. ലോകത്തിന് ആവശ്യമുള്ള ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കണം. എക്സ്പോർട്ട് മാർക്കറ്റിൽ ഇൻഡ്യ പുറകോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. മറ്റ് രാജ്യങ്ങൾ മുന്നോട്ട് വരുന്നു. അവിടെ ജൈവവളങ്ങൾ മാത്രമുപയോഗിച്ച് ഉണ്ടാക്കുന്ന ടീ-ക്ക് ആണ് ലോകത്തിൽ മാർക്കറ്റുള്ളത്. ഇവിടെ 40 രൂപ കിട്ടുമ്പോൾ ഇത് വിൽക്കുന്നത് 250 രൂപയ്ക്കാണ്. കേരളത്തിലെ ചില തോട്ടങ്ങളിൽ ഇത് ഡവലപ് ചെയ്തിട്ടുണ്ട്. ആധുനിക വൽക്കരണത്തിലേക്ക് തോട്ടങ്ങൾ പോയില്ലെങ്കിൽ നമുക്ക് പിടിച്ചു നിൽക്കാൻ കഴിയില്ല. ഇത് കേരളത്തിന്റെ മാത്രം പ്രശ്നമല്ല. കേന്ദ്ര ഗവൺമെന്റ് ഇത് സംബന്ധിച്ച് സമഗ്രമായ രണ്ടു മൂന്ന് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചില നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചു വരുന്നു. നമ്മൾ കൂടി ഈ കാര്യത്തിന് കേന്ദ്ര ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യണം. ബന്ധപ്പെട്ട എല്ലാ പാർട്ണർമാരേയും കൂട്ടി ചർച്ച ചെയ്ത് ഈ വ്യവസായത്തിന്റെ സമഗ്രമായ റീ സ്ട്രക്ചർ ഉണ്ടാക്കണം. ഇതിലൂടെ മാത്രമേ നമുക്ക് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ജയരാജൻ : സർ, കടുത്ത പ്രതിസന്ധിയെത്തുടർന്ന് പീരുമേട് തോട്ടം മേഖല ദുരിതമനുഭവിക്കുന്നു. തൊഴിലാളികൾ ആത്മഹത്യയിലേക്കും പട്ടിണി മരണങ്ങളിലേക്കും പോകുന്ന സാഹചര്യത്തിലാണ് 2004-ൽ അഞ്ചുകോടി ഉറുപ്പിക ഗവൺമെന്റ് ദുരിതാശ്വാസം പ്രഖ്യാപിച്ചത്. പക്ഷേ ഈ ദുരിതാശ്വാസ തുക യഥാസമയം തൊഴിലാളികൾക്ക് വിതരണം ചെയ്തില്ല എന്ന ആക്ഷേപം വ്യാപകമായി ഉയർന്നു വന്നിരിക്കുകയാണ്. ഫിനാൻസ് കമ്മിറ്റിയും മറ്റും ഇടംകോലിട്ടതിന്റെ ഫലമായാണ് ഈ തുക ആ അവസരത്തിൽ കൊടുക്കാൻ കഴിയാതിരുന്നത്. അനുവദിച്ച അഞ്ചുകോടി രൂപയിൽ ഇതിനകം എത്ര കോടി ദുരിതാശ്വാസത്തിന് ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ : തോട്ടം മേഖലയിലെ പ്രശ്നങ്ങൾ കണ്ടുകൊണ്ട് ദുരിതാശ്വാസം നൽകുന്നതിനുവേണ്ടി പ്രത്യേകമായി കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് അതിലേക്ക് അഞ്ച് കോടി രൂപ കഴിഞ്ഞ വർഷം നീക്കി വച്ചിട്ടുണ്ട്. ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ ഈ വർഷം ചെലവായി. തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

യൂണിയനുകളുടെ പ്രതിനിധികളും മാനേജ്മെന്റ് പ്രതിനിധികളും എല്ലാമടങ്ങുന്ന ഒരു കമ്മിറ്റിയാണ് അതിനെ സംബന്ധിച്ച് എന്തെല്ലാം വെൽഫെയർ മെഷേഴ്സ് എടുക്കണമെന്ന് തീരുമാനിക്കുന്നത്. അതനുസരിച്ച് കഴിഞ്ഞ വർഷം നാലായിരത്തോളം കുട്ടികൾക്ക് യൂണിഫോം, ബാഗ്, കുട തുടങ്ങി അവരുടെ പഠനത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും കൊടുക്കുന്നതോടൊപ്പം തന്നെ ഒന്നാംക്ലാസ് മുതൽ പത്താം ക്ളാസ് വരെയുള്ള നാലായിരത്തോളം വരുന്ന കുട്ടികൾക്ക് ഉച്ച ഭക്ഷണവും കൊടുക്കുകയാണ്. ഇതുപോലെ അവരുടെ എല്ലാ ഫീസാനുകൂല്യങ്ങളും ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പോകുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് ഉന്നതപഠനത്തിനുള്ള മുഴുവൻ ചെലവും ഗവൺമെന്റ് വഹിക്കുന്നതാണെന്നുള്ള ഉത്തരവ് കൊടുത്തു കഴിഞ്ഞു. കഴിഞ്ഞ വർഷം ഒന്നേകാൽ കോടി രൂപയോളം ചെലവായിക്കഴിഞ്ഞു. ഈ വർഷവും ആവശ്യത്തിന് പണം റിലീസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ വർഷവും പുതിയ ചില ആനുകൂല്യങ്ങൾ കൂടി കൊടുക്കുന്നതിന് കഴിഞ്ഞ ദിവസം കൂടിയ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളിൽ യാതൊരു തടസ്സവും ഉണ്ടാകില്ല എന്നതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. പി. ജയരാജൻ: അങ്ങേയറ്റം ദുരിതത്തിലായിട്ടുള്ള തോട്ടം തൊഴിലാളികളുടെ കാര്യത്തിൽ ഈ ഗവണ്മെന്റിന് എത്രമാത്രം ആത്മാർത്ഥത ഉണ്ട് എന്നാണ് അദ്ദേഹമിവിടെ നൽകിയിട്ടുള്ള മറുപടി. സുരക്ഷിതത്വമില്ലാത്ത വിധം കീടനാശിനികളുടെ ഉപയോഗവും മറ്റുമാണ് തോട്ടം തൊഴിലാളികൾക്കിടയിൽ മാരകരോഗങ്ങൾ വർദ്ധിക്കാൻ കാരണമായിട്ടുള്ളത്. പീരുമേട് മേഖലയിൽ ഉണ്ടായിട്ടുള്ള 5 ഗ്രൂപ്പ് ആശുപത്രികളുടെയും 50 ഡിസ്പെൻസറികളുടെയും പ്രവർത്തനം ഇപ്പോൾ നിറുച്ചിരിക്കുകയാണ്. മാരകരോഗങ്ങൾക്കടിമപ്പെട്ട ഈ തൊഴിലാളികളുടെ ശുശ്രൂഷ ഉറപ്പുവരുത്താൻ ഗവണ്മെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് ആത്മാർത്ഥതയെക്കുറിച്ച് പറഞ്ഞല്ലോ. ഈ അടുത്ത ദിവസങ്ങളിൽ കേന്ദ്രഗവൺമെന്റിൽ നിന്ന് ഒരു ടീം ഇവിടെവന്ന് പഠിക്കുകയുണ്ടായി. അവർ എല്ലാ സംസ്ഥാനത്തും പോയിട്ടാണിവിടെ വന്നത്. അവർ മുഖ്യമന്ത്രിയെ കണ്ടു പറഞ്ഞിട്ടാണ് പോയത്. ഇതിനുമുമ്പ് ഇങ്ങനെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെട്ടിട്ടുള്ള ഒരു സ്റ്റേറ്റ്ഗവൺമെന്റും ഇന്ത്യയിലില്ല. തുടർച്ചയായി 2002-മുതൽ ഫ്രീ റേഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇന്നും കൊടുക്കുകയാണ്. നേരത്തെ ഒരു ഫാമിലിക്ക് 10 കിലോ അരി വീതം കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ ഒരു തൊഴിലാളിക്ക് 5 കിലോ അരി വീതം ആണ് കൊടുക്കുന്നത്. അതുകൂടാതെ വൈദ്യസഹായത്തെക്കുറിച്ച് ആണെങ്കിൽ പീരുമേട്ടിൽ മാത്രം 400-ലധികം മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. 25 ലക്ഷം രൂപയുടെ മരുന്ന് നേരിട്ടുവാങ്ങിക്കൊടുത്തിട്ടുമുണ്ട്. അതുപോലെ അവിടെ പൂട്ടിക്കിടന്ന 3 ഹോസ്പിറ്റലുകൾ സർക്കാർ ഏറ്റെടുത്ത് സർവ്വീസ് നടത്തുന്നുണ്ട്. ലേബർ വെൽഫെയർ ഫണ്ടിന്റെ കീഴിലുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട് (മുമ്പ് ഇത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എപ്പോഴെങ്കിലുമാണ് കൊടുത്തുകൊണ്ടിരുന്നത്). ഇപ്പോൾ സ്കൂൾ തുറക്കുമ്പോൾ തന്നെ പഠനത്തിനുള്ള സ്കോളർഷിപ്പ് ഒക്കെ കൊടുക്കുന്നുണ്ട്. ഒരു പ്രത്യേക മൊബൈൽ ഹോസ്പിറ്റൽ പീരുമേടു മേഖലയിൽ മാത്രം ക്യാമ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മാരോ എസ്റ്റേറ്റുകളിലും ചെല്ലുമെന്നു പറഞ്ഞുകൊണ്ട് മെഡിക്കൽ കോളേജിലെ ഡോക്ടേഴ്സ് അടക്കം ഒരു ടീം ഓഫ് ഡോക്ടേഴ്സ് അവിടെപ്പോയി വൈദ്യസഹായവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. അതുപോലെത്തന്നെ ഒരു ഗവണ്മെന്റിന് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും, മറ്റു ഒരു സ്റ്റേറ്റ് ഗവണ്മെന്റും ചെയ്യാത്ത നിലയിൽ ഈ ഗവണ്മെന്റ് ചെയ്തിട്ടുണ്ട്. ഞാൻ അങ്ങ് ചോദിച്ചതുകൊണ്ട് പറയുന്നതല്ല. ആസ്സാമിന്റെയും, ബംഗാളിന്റെയും border മേഖലയിൽ പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകളിലെ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെ കുറിച്ച് വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകും. അവിടെ ഒരു സ്റ്റേറ്റ്ഗവണ്മെന്റും തോട്ടം തൊഴിലാളികളെ ഈ ദുരിതത്തിൽ സഹായിക്കാൻ എത്തിയിട്ടില്ല എന്നു ഞാൻ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, തൊഴിലാളികളുമായിട്ടുള്ള കരാർ 2007 ഏപ്രിൽ മാസം പുതുക്കേണ്ടതായിരുന്നു. വളരെ വൈകിയാണ് ഇപ്പോൾ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നത്. മുൻകാലപ്രാബല്യം ഇല്ല എന്ന് അങ്ങ് മറുപടിയിൽ പറയുകയുണ്ടായി. അത് തികച്ചും അനീതിയാണ്. അതുകൊണ്ട് നോട്ടിഫിക്കേഷൻ ഫൈനലായി പുറപ്പെടുവിക്കുമ്പോൾ മുൻകാലപ്രാബല്യം കൊടുക്കാനുള്ള ഒരു തീരുമാനമുണ്ടാകണമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ബാബു ദിവാകരൻ: ഈ മേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം കൂടി കണക്കിലെടുത്തുകൊണ്ടുമാത്രമേ കൂടി പുതുക്കൽ അടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കാൻ കഴിയൂ. ഇതിനെ സംബന്ധിച്ചുള്ള ചർച്ച നിരന്തരമായി നടന്നിട്ടുണ്ട്. അതിലൊക്കെ ഒരു തീരുമാനത്തിൽ എത്താൻ കഴിയാത്തത് അതുകൊണ്ടാണ്. ഈ മേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം കൂലിപുതുക്കലിൽ നിന്ന് മാനേജുമെന്റുകളെ പിന്തിരിപ്പിക്കുന്നു. തീർച്ചയായും മുൻകാലപ്രാബല്യത്തെക്കുറിച്ച് അവിടെ ചർച്ച ചെയ്യാറുണ്ട്.

ശ്രീ. രാജു എബ്രഹാം സർ, പച്ചക്കാനം, ഗവി തോട്ടങ്ങളിലെ ഏലത്തോട്ടം തൊഴിലാളികൾക്ക് കമ്പിളിയില്ല, ആശുപത്രിയില്ല, ഡോക്ടേഴ്സില്ല, മരുന്നില്ല. ഇക്കാര്യം ഞാൻ 3 വർഷത്തിനുമുൻപ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് അങ്ങ് ഉറപ്പു നൽകിയിരുന്നു. പക്ഷെയെങ്കിൽ അങ്ങ് ഒരു അന്വേഷണം പോലും നടത്തിയിട്ടില്ലായെന്നുള്ളത് ഖേദകരമാണ്. അവർക്ക് ഇപ്പോൾ 5 മാസത്തെ ശമ്പളകുടിശ്ശിക കൊടുക്കാനുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, കേരളത്തിൽ ഒരുപാട് തോട്ടങ്ങളുണ്ട്. അവിടെയെല്ലാം പ്രശ്നങ്ങളുമുണ്ട്. അതുകൊണ്ടാണ് എല്ലാ തോട്ടങ്ങളുടേയും പ്രശ്നങ്ങൾ പൊതുവായിട്ടാണ് ഞാൻ പറഞ്ഞത്. അങ്ങ് പറഞ്ഞ തോട്ടത്തിന്റെ പ്രശ്നം ഇന്നു തന്നെ പരിശോധിച്ച് അതിനാവശ്യമായ നടപടികളെടുക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 2002-ഏപ്രിൽ മാസം മുതൽ മുൻകാലപ്രാബല്യത്തോടുകൂടി ശമ്പളപരിഷ്കരണം നടപ്പിലാക്കേണ്ടിയിരുന്നതാണ്. ഇപ്പോൾ ഗവണ്മെന്റും, ലേബർ കമ്മിറ്റികളും കൂടി സംയുക്തമായി എടുത്ത തീരുമാനം 1-1-2005-മുതൽ മുൻകാലപ്രാബല്യത്തോടുകൂടി ശമ്പളം കൊടുക്കാൻ വേണ്ടിയിട്ടാണ്. പക്ഷെ ഈ പ്രതിസന്ധി പരിഹരിക്കാത്തതുകൊണ്ടാണ് കൊടുക്കാൻ കഴിയാത്തത്. ഇത് പരിഹരിക്കാനായിട്ട് ഒരുപാട് കാലമായി ചർച്ച നടത്തുകയാണ്. ഈ പ്രതിസന്ധിക്കു പറയുന്ന കാരണങ്ങൾ അന്തർ ദേശീയ മാർക്കറ്റിലുണ്ടാകുന്ന വില കുറവ്, അതുപോലെതന്നെ മൊത്തത്തിൽ ഇവിടെ ചെലവ് കൂടുതലാണ്. അതുപോലെ മറ്റു പല കാരണങ്ങളും പറയുന്നുണ്ട്. ഇവിടെയുള്ള പല തോട്ടം തൊഴിലാളികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിച്ചിട്ടില്ല. പല തൊഴിലാളികളും ഉത്തരേന്ത്യൻ സംസ്ഥാനത്തു നിന്നുള്ളവരാണ്. അവർ ഇവിടെ തോട്ടങ്ങളിൽ നിന്നും കിട്ടിയ വരുമാനം മറ്റ് പല സംസ്ഥാനങ്ങളിൽ കൊണ്ടുപോയി മറ്റ് വ്യവസായങ്ങളിൽ ഏർപ്പെടുകയും ചെയ്തു. അതിനെക്കുറിച്ച് ഇതുവരെ പഠിക്കാൻ തയ്യാറായിട്ടില്ല. ഇവിടെ വിവിധ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത് കൊണ്ടുപോയി മറ്റ് സംസ്ഥാനങ്ങളിലാണ് invest ചെയ്യുന്നത്. തോട്ടങ്ങളിൽ നിന്നും കിട്ടിയ ലാഭം മുഴുവനും കൊണ്ടുപോയി അന്യ സംസ്ഥാനങ്ങളിൽ വ്യവസായങ്ങൾ ആരംഭിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഇവിടെ ഈ പ്രതിസന്ധി ഉണ്ടാകാൻ കാരണം. അത് മനസ്സിലാക്കാതെ ഇവിടെ മറ്റ് ചില കാരണങ്ങൾ ഉണ്ടെന്ന് പറയുന്നത് ശരിയല്ല. അതുസംബന്ധിച്ച് ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞതുപോലെ തോട്ടങ്ങളുടെ പ്രതിസന്ധിയെപ്പറ്റി സമഗ്രമായി പഠിച്ച് മനസ്സിലാക്കാൻ ഈ കാര്യങ്ങൾ മാത്രമല്ല, അന്തർദേശീയ മാർക്കറ്റിലുണ്ടാകുന്ന വെരിയേഷൻ, വില കുറവ് അതുപോലെ തൊഴിലാളികളുടെ കൂലി കൂടുതൽ തുടങ്ങി മറ്റ് കാര്യങ്ങൾ കൂടി പഠിക്കാൻ ഒരു സമഗ്രമായ ചർച്ച നടത്തിക്കൊണ്ട് അതിനൊരു പരിഹാരം ഉണ്ടാക്കാൻ ശ്രമം നടത്തുമോ?

ശ്രീ. ബാബു ദിവാകരൻ: ശ്രീ. കെ. രാധാകൃഷ്ണൻ തോട്ടം തൊഴിലാളി കുടുംബത്തിൽ നിന്നും വന്നിട്ടുള്ള ആളെന്ന നിലയിൽ ഇതു മനസ്സിലാക്കാനുള്ള അവസരം കിട്ടിയിട്ടുണ്ട്. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. അതുസംബന്ധിച്ച് സമഗ്രമായ രണ്ടുമൂന്ന് പഠനങ്ങൾ ഈ അടുത്ത കാലത്ത് നടന്നിട്ടുണ്ട്. അതിലൊരു പ്രധാന കാരണം ആയി പറയുന്നത് മിസ്മാനേജുമെന്റ് ആണ്. sponsor ആയി divert ചെയ്തതാണെന്നും അവരുടെ പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്. പല കാരണങ്ങളിൽ ഒന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതാണ്. മാനേജുമെന്റുകളും ഒരു കാലഘട്ടത്തിൽ അതിൽ നിന്നും കിട്ടിയ റിട്ടേൺസ് മുഴുവൻ ഡൈവേഴ്സിഫിക്കേഷന്റെ ഭാഗമായി മറ്റ് പല

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിലേക്ക് ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്. അതും ഇപ്പോഴത്തെ ക്രൈസിസിന് ഒരു കാരണമായിട്ടുണ്ടെന്നുള്ളത് ശരിയാണ്. അങ്ങനെ ഡൈവെർട്ട് ചെയ്തിട്ടില്ലാത്ത എസ്റ്റേറ്റുകൾക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നുണ്ട്. നമ്മുടെ ഗവണ്മെന്റിന്റെ തന്നെ സ്ഥാപനം റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കഴിഞ്ഞ നിരവധി വർഷങ്ങളായിട്ട് ഒരു പ്രശ്നവുമില്ല. അതിൽ നിന്ന് ആ കാലത്തു കിട്ടിയ പണം അതിന്റ റിസർവ് ഫണ്ടായി വച്ചുകൊണ്ട് ബിസിനസ്സ് മോശമാകുമ്പോൾ ആ ഫണ്ടുപയോഗിച്ചുകൊണ്ട് മറ്റു കാര്യങ്ങൾ നടത്തുന്നതുകൊണ്ട് ഒരു പ്രശ്നവും ആ കമ്പനിക്കുണ്ടായിട്ടില്ല. അതുസംബന്ധിച്ച് സമഗ്രമായ പഠനങ്ങൾ നടന്നിട്ടുണ്ട്. അതിന്റെ മേൽ ഗവണ്മെന്റ് പല നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വർഷങ്ങളോളം ഈ എസ്റ്റേറ്റുകളിൽ കഷ്ടപ്പെട്ടു പണിയെടുത്ത തൊഴിലാളികൾ റിട്ടയർ ചെയ്യുമ്പോൾ ഗ്രാറ്റുവിറ്റി ലഭിക്കാറുണ്ട്. എന്നാൽ ഇപ്പോൾ വർഷങ്ങളായി പല എസ്റ്റേറ്റുകളും ഗ്രാറ്റുവിറ്റി കൊടുക്കാറില്ല. ആ ഗ്രാറ്റുവിറ്റി ലഭിക്കുകയാണെങ്കിൽ പാവപ്പെട്ട തൊഴിലാളികൾക്ക് ഒരനുഗ്രഹമാകും. അത് ലഭിക്കാനായിട്ട് എന്തെങ്കിലും നിലപാട് കഴിഞ്ഞ ചർച്ചയുടെ ഭാഗമായിട്ട് ഉയർന്നു വന്നിട്ടുണ്ടോ? ഇല്ലെങ്കിൽ അവർക്ക് സമയബന്ധിതമായി ഗ്രാറ്റുവിറ്റി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? അതോടൊപ്പം ചർച്ച ചെയ്ത പുളളിക്കാനം ടീ എസ്റ്റേറ്റിലെ കാര്യങ്ങൾ വലിയ പ്രതിസന്ധിയിലാണ്. അതിന്റെ കാര്യം പ്രത്യേകമായി ചർച്ച ചെയ്യാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: ഈ ക്രൈസിസിലുള്ള ടീ എസ്റ്റേറ്റുകളുടെ ഗ്രാറ്റുവിറ്റി പ്രശ്നമുണ്ട്. അടുത്തു കിടക്കുന്ന തോട്ടങ്ങളിൽ ഗ്രാറ്റുവിറ്റി മാത്രമല്ല, മറ്റ് ഗ്രാറ്റുവിറ്റി ബനിഫിറ്റുകളും അവർക്ക് ഡിനൈ ചെയ്തുകൊണ്ടിരിക്കുകയാണ്. അത് എങ്ങനെ പരിഹരിക്കാൻ പറ്റുമെന്ന് ഗൗരവമായി കാണുന്നുണ്ട്. തീർച്ചയായും തോട്ടങ്ങളിൽ ഈ ക്രൈസിസിൽ നിന്ന് പെട്ടെന്നൊരു മാറ്റമുണ്ടാകണമെന്നാണ് നമ്മളെല്ലാം പ്രതീക്ഷിക്കുന്നത്. ആ മാറുന്ന സാഹചര്യത്തിൽ ഇതെല്ലാം അവർക്ക് കൊടുക്കാനാകും. ഇതിനെല്ലാം statutory liability ആണ്. അതിൽ നിന്ന് മാനേജുമെന്റിന് ഒഴിയാനാകില്ല. പുളളിക്കാനം എസ്റ്റേറ്റിനെ സംബന്ധിച്ച് ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. എ. കെ. മണി: തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നൽകുന്ന കാര്യത്തിൽ തോട്ടം ഉടമകളുടെ ഭാഗത്തുനിന്നും എതിർപ്പുകൾ പലതുമുണ്ടായിട്ടും തോട്ടം മേഖലകളിലെ 30% റബ്ബർ തൊഴിലാളികൾക്കും, അതുപോലെതന്നെ ഏലം, കാപ്പി, തേയില തോട്ടങ്ങളിൽ പണി ചെയ്യുന്ന തൊഴിലാളികൾക്ക് 16%-ഉം വേതന വർദ്ധനവ് ഉണ്ടാക്കാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, തൊഴിൽവകുപ്പുമന്ത്രിയും തീരുമാനം എടുത്തിട്ടുള്ളത്. ഞാൻ ഇതിൽ നേരത്തെ involved ആണ്. ഒരു കാലഘട്ടത്തിലും ഉണ്ടാകാത്ത വർദ്ധനവാണ് ഇത്. മുൻപൊരുകാലഘട്ടത്തിലും ഉണ്ടായിട്ടില്ല. ആ രീതിയിലാണ് ഈ ശമ്പള തീരുമാനം ഉണ്ടായത്. എന്റെ ചോദ്യം ഇതുവരെ ഒരു ഗവൺമെന്റും ഈ തോട്ടം മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള intervention നടത്തിയിരുന്നില്ല. ഈ ഗവണ്മെന്റിന്റെ കാലത്തുമാത്രമാണ് ഇത്തരം intervention ഉണ്ടായിട്ടുള്ളത്. ഇപ്പോഴും പ്രതിസന്ധി തീർന്നിട്ടില്ല. ഒരു കാലഘട്ടത്തിലും തീർക്കാൻ പറ്റാത്ത സാഹചര്യമാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇതിൽ നിന്നും ഒരു മാറ്റം ഉണ്ടാകണമെങ്കിൽ വിദേശകമ്പനികളുടെ investment ഇതിനകത്തുണ്ടാകണം. അതുകൂടാതെ ഇപ്പോൾ നിലവിലുള്ള തോട്ടവിളകളിൽ നിന്നു മാറി conversion ഉണ്ടാകാനുള്ള സാധ്യത ഗവണ്മെന്റിൽ നിന്നുണ്ടാകണം. ഇതു പരിഗണിക്കാൻ വേണ്ടി ശ്രീ. കളത്തിൽ അബ്ദുള്ള, അതുപോലെ ശ്രീ. രാധാകൃഷ്ണൻ എന്നിവർ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ വളരെ പ്രസക്തമാണ്. ഇതുപോലെ ഇക്കാര്യങ്ങളിലെല്ലാം കൂട്ടായിട്ട് ഒരു തീരുമാനം എടുക്കാൻ, ഇതിന് ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കാൻ വേണ്ടി ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ : ഞാൻ ഇവിടെ പറഞ്ഞു. ഇതിനെ സംബന്ധിച്ച് ഒരുപാടു പഠനങ്ങളും നടന്നു. നമ്മുടെ സംസ്ഥാനത്ത് മാത്രമായുള്ള പ്രശ്നമല്ല. നമ്മൾ തന്നെ ഇതിനെ സംബന്ധിച്ച് പഠിച്ചതുകൊണ്ട് ഫലപ്രദമായി നടപടി എടുക്കാൻ കഴിയില്ല. എന്തായാലും ഇപ്പോൾ പറഞ്ഞതുപോലെ ഇതിന്റെ ഡൈവേഴ്സിഫിക്കേഷന് ഇപ്പോൾ ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. തരിശായിക്കിടക്കുന്ന തോട്ടങ്ങളിലും മറ്റു ഭൂമിയിലും 4-5 ഇനങ്ങൾ കൂടി കൾട്ടിവേറ്റ് ചെയ്യാനുള്ള അനുവാദം ഗവൺമെന്റ് കൊടുത്തു. അതുവഴി പല പുതിയ ഇനങ്ങൾ കൾട്ടിവേറ്റ് ചെയ്യാനുള്ള സൗകര്യം മാനേജുമെന്റുകൾക്ക് കിട്ടും. ഡൈവേഴ്സിഫിക്കേഷനുള്ള എല്ലാ സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ചെയ്തുകൊടുക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, തോട്ടം മേഖലയിൽനിന്നുള്ള ഏറ്റവും അവസാനത്തെ സ്ഥിതിയാണ് ശ്രീ. എ. കെ. മണി സൂചിപ്പിച്ചത്. അദ്ദേഹം ആ മേഖലയിൽ നിന്നുള്ള ആളായതുകൊണ്ട് അതിനെക്കുറിച്ച് അധികാരികമായി പറയുവാനും സാധിക്കും. പ്രതിസന്ധി തുടരുകയാണ്. സഭയിൽ ഒരുപാടുപ്രാവശ്യം ചർച്ച ചെയ്തു. കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതും, സൗജന്യചികിത്സാ സൗകര്യം നൽകുന്നതുമൊക്കെ താത്ക്കാലികമായ കാര്യങ്ങളാണ്. ശാശ്വതമായ നടപടികൾ വേണം. ഇങ്ങനെ വർഷങ്ങളായി തോട്ടങ്ങൾ പൂട്ടിക്കിടക്കുന്ന സാഹചര്യത്തിൽ അതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. സമാനമായ സാഹചര്യങ്ങളിൽ നമ്മുടെ നിയമസഭ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ബീഡി തൊഴിലാളികൾക്ക് ഇതേപോലെ മാസങ്ങളായി പണി നഷ്ടപ്പെട്ടപ്പോൾ ഉടമകൾ ബീഡി തൊഴിലാളികളെ ഇട്ടെറിഞ്ഞു പോയപ്പോൾ ബീഡി തൊഴിലാളികളെ സഹായിക്കാനും സംരക്ഷിക്കാനുമായിട്ടാണ് ദിനേശ് ബീഡി എന്ന മഹത്തായ പ്രസ്ഥാനം രൂപീകരിച്ചത്. കശുവണ്ടി വ്യവസായ മേഖല അടച്ചുപൂട്ടി തൊഴിലാളികളെ ദീർഘകാലങ്ങളായി പട്ടിണിക്കിട്ടപ്പോൾ ആ സ്ഥാപനങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് കശുവണ്ടിവികസന കോർപ്പറേഷൻ ഉണ്ടാക്കിയത്. ആ രീതിയിൽ നിരന്തരമായി

LIBRARY ARCHIVES Kerala Legislative Assembly

അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കാൻ തൊഴിലും, കൂലിയും, തോട്ടങ്ങളും സംരക്ഷിക്കാൻ കഴിയുന്ന രീതിയിൽ, ആ താത്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ; അതിനാവശ്യമായ നിയമനിർമ്മാണത്തിന് ഈ ഗവൺമെന്റ് തയ്യാറാവുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, ഈ പ്രൈസിസിനെക്കുറിച്ച് പറഞ്ഞാൽ അടഞ്ഞുകിടക്കുന്നത് രണ്ടുമൂന്നു ഗ്രൂപ്പ് തോട്ടങ്ങൾ മാത്രമാണ്. ബാക്കിയുള്ള ഗ്രൂപ്പുകൾ ഒന്നും അടച്ചിട്ടില്ല. അടഞ്ഞതിൽനിന്ന് ആറേഴു തോട്ടങ്ങൾ തുറന്നുകഴിഞ്ഞു. രണ്ടുമൂന്നു തോട്ടങ്ങൾ ഈ മാസം തുറക്കാൻ കഴിയും. തോട്ടങ്ങൾ തുറന്നുകഴിയുമ്പോൾ പ്രൈസിസ് മാറും. ഇടയ്ക്ക് തേയിലയുടെ വില 50 രൂപ വരെ വന്നതാണ്. പിന്നെ ഇതിനെല്ലാം പരിഹാരം തോട്ടം ഏറ്റെടുക്കലാണെന്ന് പറയുന്നതിനോട് ഗവൺമെന്റിന് യോജിപ്പില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇൻഡ്യൻ ടീ ആക്റ്റ് അനുസരിച്ച് തോട്ടങ്ങൾ ഏറ്റെടുക്കാൻ സാധിക്കില്ലേ?

ശ്രീ. ബാബു ദിവാകരൻ : സർ, ഇൻഡ്യൻ ടീ ആക്റ്റനുസരിച്ച് തേയില തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള അവകാശം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്. കേരളാ ഗവൺമെന്റിന് അവകാശമില്ല. വെസ്റ്റ് ബംഗാൾ ഗവൺമെന്റ് അതിന് പരിശ്രമിച്ചിരുന്നു. പക്ഷേ അതിന് കഴിഞ്ഞില്ല. ഈ പ്രൈസിസിനുള്ള പരിഹാരം തോട്ടങ്ങൾ ഏറ്റെടുക്കലാണെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളിൽ കേന്ദ്ര ഗവൺമെന്റ് തന്നെ ഒരുപാടു നടപടികൾ എടുത്തു. പുതിയതായി ഒരു പാക്കേജ് തന്നെ ടീയ്ക്കും കോഫിക്കും പ്രഖ്യാപിച്ചു. സ്റ്റേറ്റ് ഗവൺമെന്റാണെങ്കിൽ പ്ലാന്റേഷൻ ടാക്സ് എക്സംപ്ഷൻ കൊടുത്തു. മറ്റ് അഗ്രികൾച്ചറൽ ടാക്സുകൾക്കും എക്സംപ്ഷൻ കൊടുത്തു. ഇങ്ങനെയൊക്കെ ഈ പ്രൈസിസിൽ നിന്ന് അവരെ പ്രൊട്ടക്റ്റ് ചെയ്യുന്നുണ്ട്. ഈ പ്രൈസിസ് ഉണ്ടെന്ന് പറയുമ്പോൾ തന്നെ ടീയ്ക്ക് 40 രൂപ ഓക്ഷൻ പ്രൈസ് ഉള്ളപ്പോൾ ഇൻഡ്യൻ മാർക്കറ്റിൽ 125 രൂപയ്ക്കാണ് തേയില വിൽക്കുന്നത്. ഇൻഡ്യയിൽ ഉത്പാദിപ്പിക്കുന്ന തേയിലയുടെ 80% വും ഇൻഡ്യയിൽ തന്നെ കൺസ്യൂം ചെയ്യുകയാണ്. 20% മാത്രമാണ് എക്സ്പോർട്ട് ചെയ്യുന്നത്. 40 രൂപയുടെ ഓക്ഷൻ പ്രൈസ് കിട്ടുന്ന തേയില 125 രൂപയ്ക്ക് മാർക്കറ്റിൽ വിൽക്കുന്നു. ഇതിനിടയ്ക്കുള്ള മാർജിൻ താരതമ്യപ്പെടുത്തുക. ഇതും ഈ പ്രൈസിസിന്റെ ഒരു കാര്യമാണ്. ഇതിനുള്ള പരിഹാരം കാണണമെങ്കിൽ നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പോരാ. ഇത് ഈ ഇൻഡസ്ട്രിയുടെ ഒരു പൊതു പ്രശ്നമാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. എ. ബി. വാജ്പേയിയോടും അന്നത്തെ കോമേഴ്സ് മിനിസ്റ്ററോടും നേരിട്ട് പറഞ്ഞിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, ഗവൺമെന്റ് പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ പ്രൊഡക്റ്റിവിറ്റി ലിങ്ക്ഡ് ആയി തേയിലയിൽ 2 കിലോ കൊളുന്ത് കൂടുതൽ കൊടുക്കണമെന്നാണ്. പത്രമാധ്യമങ്ങളിൽ വാർത്ത വന്നപ്പോൾ 50 മരം റബ്ബർ മേഖലയിൽ കൂടുതൽ വെട്ടണമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേറ്റുമെന്റിൽ വന്നതായി കണ്ടു. പക്ഷേ കരട് നോട്ടിഫിക്കേഷനിൽ അതില്ല. 50 മരം കൂട്ടിയാൽ കൂലി 30% വർദ്ധിപ്പിച്ചതിൽ യാതൊരു പ്രയോജനവുമില്ല. എനിക്ക് ചോദിക്കാനുള്ളത് 50 മരം വർദ്ധിപ്പിക്കാതെതന്നെ 30% വർദ്ധിപ്പിക്കുന്നത് ഫൈനൽ നോട്ടിഫിക്കേഷനിൽ വരുമോ; അതുപോലെതന്നെ റബർ മേഖലയിൽ മൂന്നു പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. പ്ലാന്റേഷൻ കോർപ്പറേഷനും, ആർ.പി.എൽ-ഉം, റീഹാബിലിറ്റേഷൻ കോർപ്പറേഷനും ഇവയൊക്കെ ലാഭത്തിലാണ്. അതുകൊണ്ട് അവർക്ക് മുൻകാല പ്രാബല്യം കൊടുക്കാൻ കഴിയും. ഈ പൊതുമേഖലാ സ്ഥാപനങ്ങളിലെങ്കിലും മുൻകാലപ്രാബല്യം ഫൈനൽ നോട്ടിഫിക്കേഷനിൽ കൊടുക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, രണ്ടുകിലോഗ്രാം തേയിലയുടെ വർദ്ധന നേരത്തെ വന്നതാണ്. ഈ നോട്ടിഫിക്കേഷന്റെ ഭാഗം അല്ല. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ ധാരണയുടെ അടിസ്ഥാനത്തിലാണ്. റബർ തോട്ടങ്ങളിലെ കൂലി പുതുക്കുന്നതിനെക്കുറിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ധാരാളം ചർച്ചകൾ നടന്നു. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കണമെന്ന് മാനേജുമെന്റുകൾ നിർദ്ദേശം വച്ചു. യൂണിയനുകൾ സമ്മതിച്ചു. പൊതുമേഖലാസ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും പല രീതിയിലുള്ള പ്രൊഡക്റ്റിവിറ്റിയാണ് ഇപ്പോൾ നിലനിൽക്കുന്നത്. ചില സ്ഥാപനങ്ങൾ 300, ചിലതിൽ 350, 375 ഒക്കെ വെട്ടുന്നുണ്ട്. ഇതിന് ഒരു ഏകീകൃത സ്വഭാവം വേണമെന്ന മാനേജുമെന്റുകളുടെ അഭിപ്രായം മാനിച്ചുകൊണ്ട് തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് കുറച്ചുമരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സമ്മതിക്കാം എന്ന ധാരണയുണ്ടായി. അങ്ങനെയാണ് 50 മരം വർദ്ധിപ്പിക്കാം എന്ന ധാരണ ഉണ്ടായത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഉണ്ടായ ധാരണ നോട്ടിഫിക്കേഷനിൽ വന്നിട്ടില്ല. നോട്ടിഫിക്കേഷന്റെ ആക്ഷേപങ്ങൾ വരുമ്പോൾ അതിനെക്കുറിച്ച് ചർച്ച ചെയ്യാം. മുൻകാല പ്രാബല്യത്തെപ്പറ്റി - നോട്ടിഫിക്കേഷൻ ഇറക്കുന്ന ദിവസം മുതലാണ് പ്രാബല്യത്തിൽ വരുന്നത് എന്നാണ് വയ്പ്. അതിനെക്കുറിച്ച് ആവശ്യമായ ചർച്ചകളിലൂടെ തീരുമാനമെടുക്കാം.

ശ്രീ. എ. കെ. ബാലൻ : സർ, പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞാൻ എം. എൽ. എ. ആയി അസംബ്ലിയിൽ വന്നപ്പോൾ ഒരു ചായയ്ക്ക് ഒരു രൂപയായിരുന്നു. ഇന്ന് രണ്ടുരൂപയാണ്. രണ്ടര രൂപയുണ്ടായിരുന്ന കാപ്പിക്ക് അഞ്ചുരൂപയാണ്. നെല്ലിന് വിലയില്ല, അരിക്ക് വിലയാണ്, കരിമ്പിന് വിലയില്ല, പഞ്ചസാരയ്ക്ക് വിലയാണ്. തേയിലയ്ക്ക് വിലയില്ല ചായയ്ക്ക് വിലയാണ്. കാപ്പിക്കുരുവിന് വിലയില്ല കാപ്പിക്ക് വിലയാണ് എന്നൊക്കെ പറഞ്ഞു. എന്തുകൊണ്ടാണ് ഈ പ്രതിഭാസം ഈ രൂപത്തിൽ ഉണ്ടാവുന്നത്? ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഭാസത്തിന്റെ പേരാണ് മൻമോഹൻ സിംഗ് പ്രതിഭാസം. ഈ പ്രതിഭാസം പരിഹരിക്കുന്നതിന് ഒരു വിൽപവർ ഗവൺമെന്റിന് വേണം. ഈ മേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ പി. എഫ്. പോലും കൊടുക്കുന്നില്ല, ഗ്രാറ്റുവിറ്റി കൊടുക്കുന്നില്ല. ഇത്തരം മാനേജുമെന്റുകൾക്കെതിരായി ക്രിമിനിൽ കേസ് എടുക്കണം. അതുപോലെ ഗുണമേൻമയില്ലാത്ത തേയില ഇറക്കുമതി ചെയ്ത് നമ്മുടെ ഗുണമേൻമയുള്ള തേയിലയുമായി ചേർത്ത് കയറ്റുമതിചെയ്ത് മാർക്കറ്റ് ഇല്ലാതാക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ തയ്യാറാവുമോ ?

ശ്രീ. ബാബു ദിവാകരൻ : സർ, താങ്കൾ പറഞ്ഞതനുസരിച്ച് തേയിലയുടെയും മറ്റും വില കൂടുന്നതനുസരിച്ച് കൂടെയ്ക്കെ തൊഴിലാളികളുടെ കൂലിയിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ഇത് മൻമോഹൻ സിംഗ് പ്രതിഭാസമാണോയെന്നത് സംബന്ധിച്ച് ഒരു പഠനം ആവശ്യമാണ്. ഇൻഡ്യയിൽ എല്ലാ സാധനങ്ങളുടെയും വില ഉയർന്നു കൊണ്ടിരിക്കുകയാണ്. പല മേഖലകളിലും നമ്മുടെ ഉത്പന്നങ്ങളുടെ വില കുറയുന്നു. ഇത് ഗൗരവതരമായ പ്രശ്നമാണ്. പി. എഫ്. ആക്റ്റനുസരിച്ച് പി. എഫ്. കൊടുക്കാത്ത മാനേജുമെന്റുകൾക്കെതിരെ നടപടിയെടുക്കേണ്ടത് പി. എഫ്. കമ്മീഷണറേറ്റ് ആണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്ന ഒരു സംവിധാനമാണ്. നടപടിയെടുക്കാൻ നിർദ്ദേശം കൊടുക്കാം.

ശ്രീ. പി. ടി. തോമസ്: സർ, തോട്ടം മേഖലയിൽ മുമ്പൊരിക്കലും ഇല്ലാത്ത രീതിയിൽ ഗൗരവതരമായ നടപടികൾ സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ടുതന്നെ രണ്ടു കാര്യങ്ങൾ പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ ഇതിനെപ്പറ്റി ചില പരാമർശങ്ങൾ വന്നു. തേയില അടക്കമുള്ള വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ചില്ലറ വിൽപ്പനകേന്ദ്രങ്ങൾ ഇൻഡ്യയിലെമ്പാടും വ്യാപിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുത്ത് തേയില, ഏലം, കാപ്പി , കുരുമുളക് തുടങ്ങിയവ അടക്കമുള്ള കേരളത്തിന്റെ ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള നടപടി സ്വീകരിക്കുമോ? മറ്റൊന്ന്, ഇത്തരം പ്രതിസന്ധിയുണ്ടാകുമ്പോൾ തൊഴിലാളികൾക്ക് ഗുണം കിട്ടാവുന്ന രീതിയിൽ പശു വളർത്തൽ, പൂ കൃഷി, പച്ചക്കറി കൃഷി എന്നിവ നടത്താനായി, നേപ്പാൾ അടക്കമുള്ള പല വിദേശ രാജ്യങ്ങളിലും ഇത്തരം പ്രതിസന്ധികൾ ഉണ്ടായപ്പോൾ തൊഴിലാളികളെ രക്ഷിക്കാൻവേണ്ടി ഇത്തരം പഠനങ്ങൾ നടത്തിയിട്ടുണ്ട്. അത്തരം കാര്യങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ? അതോടൊപ്പം കൂടുതൽ വൈവിദ്ധ്യവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഞാൻ തന്നെ നേരിട്ട് ലയങ്ങളിൽ പോയി ഈ കാര്യങ്ങളെക്കുറിച്ച് അവരുമായി ചർച്ച ചെയ്തു. കുടുംബശ്രീയെ ഉൾപ്പെടുത്തിക്കൊണ്ട് ലയങ്ങളുമായി ബന്ധപ്പെടുത്തി പശു വളർത്തൽ, ആടു വളർത്തൽ, കൃഷി എന്നിവയ്ക്കായുള്ള (അവർക്കാവശ്യമുള്ള പച്ചക്കറികളെങ്കിലും ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതിനായി) ഒരു സ്കീം തയ്യാറാക്കി അതു നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുമ്പോട്ടു പോകുകയാണ്.

GPM. 2/573/2012—4

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുള്ള ഒരു വ്യവസായമാണിത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഒരു സമവായത്തിലൂടെ ശമ്പള പരിഷ്കരണത്തിന് ഒരു തീരുമാനം എടുക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് തൊഴിലാളികൾക്ക് പണിമുടക്കേണ്ടി വന്നത്. ആ പണിമുടക്കിനെ നേരിടാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി മിനിമം വേജസ് ആക്ടിലെ 5(1) (ബി) അനുസരിച്ച് കരട് നോട്ടിഫൈ ചെയ്തത്. അങ്ങനെ കരട് നോട്ടിഫൈ ചെയ്ത് ഒബ്ജക്ഷൻ കേട്ടശേഷം ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ വ്യവസായികൾക്ക് സഹായകരമല്ലേ, വ്യവസായികൾക്ക് വേണമെങ്കിൽ അത് നീട്ടിക്കൊണ്ടുപോകാൻ കഴിയില്ലേ? ഒരു സമവായത്തിലൂടെ മിനിമം വേജസ് പുതുക്കിയിരുന്നുവെങ്കിൽ വ്യവസായികൾക്ക് അതിനെ ചോദ്യം ചെയ്യാനേ കഴിയുമായിരുന്നില്ല. 5(1) (ബി) അനുസരിച്ച് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ വ്യവസായികൾക്ക് അത് നീട്ടിക്കൊണ്ടുപോകാൻ കഴിയുമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയില്ലേ?

ശ്രീ. ബാബു ദിവാകരൻ: സർ, സമവായത്തിൽ എത്താൻ കഴിയാതെ വന്നപ്പോൾ ഗവൺമെന്റിന് മറ്റു മാർഗ്ഗങ്ങൾ ഇല്ലായിരുന്നു. കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 24 തവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 24 തവണയും ഒരു സമവായത്തിൽ എത്താൻ കഴിയാത്തിടത്തോളം പിന്നേയും ചർച്ചകൾ നീട്ടിക്കൊണ്ടു പോകാൻ പറ്റില്ല. തൊഴിലാളികൾ സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഗവൺമെന്റിന്റെ മുമ്പിൽ മറ്റു മാർഗ്ഗങ്ങളില്ലാത്തതുകൊണ്ടാണ് നോട്ടിഫിക്കേഷനിലേക്ക് പോയത്. തീർച്ചയായിട്ടും ന്യായമായ വർദ്ധനവും അതിനനുസരിച്ചുള്ള മറ്റ് ഏർപ്പാടുകളുമാണ് ചെയ്തിട്ടുള്ളത്. അത് കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് കർശനമായ നടപടി എടുക്കും.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, പൊതുവേ തോട്ടം തൊഴിലാളികൾ എന്നു പറയുമ്പോഴും റബ്ബർ മേഖലയും കാപ്പി, തേയില തുടങ്ങിയ മേഖലയും തമ്മിൽ തൊഴിലിന്റെ കാര്യത്തിലും വിൽപ്പനയുടെ കാര്യത്തിലും വിലയുടെ കാര്യത്തിലും വലിയ അന്തരമുണ്ട്. ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന പാലാട്ടിലെ പോലുള്ള റബ്ബർ എസ്റ്റേറ്റ് മേഖലയെ അനാവശ്യമായ സമരത്തിലേക്ക് വലിച്ചിഴയ്ക്കുന്ന സാഹചര്യങ്ങളാണ് ഉണ്ടായത്. അങ്ങയുടെ ഉത്തരത്തിൽ പറയുന്നത്, കാപ്പി, തേയില തുടങ്ങിയ മേഖലകളിൽ ക്ഷാമബത്ത കൊടുക്കാൻ പറ്റാത്തതുകൊണ്ടും അവരുടെ പിടിവാശി കൊണ്ടുമാണ് പലപ്പോഴും സമരം അവസാനിപ്പിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായത് എന്നാണ്. അതുകൊണ്ട് തോട്ടം തൊഴിലാളികൾ എന്നു പറയുമ്പോൾ റബ്ബർ മേഖലയേയും കാപ്പി, തേയില എന്നീ മേഖലയേയും തമ്മിൽ വ്യത്യസ്തമായ രീതിയിൽ ട്രീറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, റബ്ബർ മേഖലയിൽ ഇപ്പോൾ വലിയ പ്രതിസന്ധിയില്ല. റബ്ബറിന് നല്ല വിലയുണ്ട്. അതുകൊണ്ട് തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കാൻ കഴിയുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എസ്റ്റേറ്റിൽ എന്തെങ്കിലും പ്രത്യേക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പ്രത്യേകം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, തോട്ടം മേഖല ഏറ്റവും കൂടുതലുള്ളത് ഇടുക്കി, വയനാട് ജില്ലകളിലാണ്. വയനാട് ജില്ലയിലാണെങ്കിൽ ആദിവാസികൾ ദുരിതത്തിലും തോട്ടം തൊഴിലാളികൾ പട്ടിണിയിലുമാണ്. പാത്തൂർ ഉൾപ്പെടെയുള്ള മിക്ക തോട്ടങ്ങളും അടഞ്ഞുകിടക്കുകയാണ്. തോട്ടം തൊഴിലാളികൾ വഴിയാധാരമാണ്. അങ്ങേക്കറിയാവുന്ന കാര്യമാണ്. അങ്ങ് മുൻകയ്യെടുത്ത് പല കോൺഫറൻസുകളും വിളിച്ചതാണ്. ബഹുമാനപ്പെട്ട പി. ടി. തോമസ് അഭിനന്ദിച്ചതുപോലെ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ആളല്ല. 5 കോടി രൂപ വകയിരുത്തിയതിൽ ഒന്നേകാൽ കോടി രൂപയാണ് ചെലവഴിച്ചത്. യൂണിഫോം മാറ്റാൻ ഇല്ലാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്ത വേളാങ്കണ്ണിയുടെ നാടാണ് ഈ നാട്. അതുകൊണ്ട് ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് ഗവൺമെന്റ് ഒരു പ്രത്യേകമായ പാക്കേജ് പദ്ധതി നടപ്പാക്കണം. തോട്ടമുടമകളുടെ നിലപാട് നമുക്കറിയാം. ദുരിതത്തിലും പട്ടിണിയിലുമായിരിക്കുന്ന വയനാട്ടിലെയും ഇടുക്കിയിലെയും തോട്ടം തൊഴിലാളികളെ സഹായിക്കാൻ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, യൂണിഫോം മാറ്റാൻ ഇല്ലാത്തതിന്റെ പേരിൽ വേളാങ്കണ്ണി എന്നയാൾ ആത്മഹത്യ ചെയ്തു എന്നു പറയുന്ന സ്റ്റേറ്റ്മെന്റ് ശരിയല്ല. പക്ഷേ ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇടുക്കിയിൽ ആവശ്യമുള്ള തുക, 5 കോടി രൂപ കൊടുത്താൽ 5 കോടി രൂപയും ഒരുമിച്ച് ചെലവാക്കിക്കോ എന്നു പറഞ്ഞല്ല. ആവശ്യത്തിന് ചെലവാക്കാനാണ്. ആവശ്യങ്ങൾക്കനുസരിച്ച് ചെലവാക്കിയിട്ടുണ്ട്. ഇനിയും ആവശ്യങ്ങൾക്കനുസരിച്ച് ചെലവാക്കും. വയനാട് ജില്ലയിലെ സ്ഥിതി പരിശോധിച്ചാൽ അവിടെ പൂട്ടിക്കിടന്ന രണ്ടു-മൂന്നു തോട്ടങ്ങൾ, ആസ്സാം ബ്രൂക്ക് ഉൾപ്പെടെ ഞങ്ങൾ ചർച്ച ചെയ്ത് തുറന്നിട്ടുണ്ട്. പാത്തൂർ പ്ലാന്റേഷന്റെ പ്രശ്നം ക്രൈസിസ്സുമായി ബന്ധപ്പെട്ടതല്ല. അവിടെ ഒരു തൊഴിൽ സംരക്ഷണത്തിന്റെ വെളിച്ചത്തിൽ പാത്തൂർ ഗ്രൂപ്പിന്റെ മൂന്നു തോട്ടങ്ങൾ അടഞ്ഞുകിടക്കുകയാണ്. അതിനെ സംബന്ധിച്ചും നിരവധി ചർച്ചകൾ നടന്നു. രണ്ടു ഭാഗത്തുമുള്ളവരുടെ പിടിവാശികൊണ്ടാണ് കാര്യങ്ങൾ നീണ്ടുപോകുകയാണ്. അത് തുറന്ന് പ്രവർത്തിക്കും. വയനാട് ജില്ലയിലും ഇടുക്കി ജില്ലയിലും നൽകുന്നതുപോലെ ദുരിതത്തിലുള്ള എല്ലാ തൊഴിലാളികൾക്കും, വയനാട് മാത്രമല്ല, തിരുവനന്തപുരത്തായാലും മറ്റേത് ജില്ലയിലായാലും ആനുകൂല്യങ്ങൾ തുല്യമായി നൽകുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ബി.പി.എൽ. കാർഡുടമകൾ അല്ലെന്നുള്ളതുകൊണ്ട് മലക്കപ്പാറ എസ്റ്റേറ്റിലെ പാവപ്പെട്ട തോട്ടം തൊഴിലാളികൾക്ക് മണ്ണെണ്ണയും പഞ്ചസാരയും കിട്ടാൻ ബുദ്ധിമുട്ടുള്ള സാഹചര്യമുണ്ട്. ഇലക്ട്രിസിറ്റി കണക്ഷന് പഞ്ചായത്തിന്റെ റെസല്യൂഷൻ വഴി ദാരിദ്ര്യരേഖയ്ക്ക് താഴെ എന്ന് മുദ്രയില്ലാത്ത റേഷൻ കാർഡുടമകൾക്കും കൺസെഷൻസ് അനുവദിക്കുന്നതുപോലെ തോട്ടം തൊഴിലാളികൾക്ക് മണ്ണെണ്ണയും പഞ്ചസാരയും കിട്ടാൻ വേണ്ടി ബി.പി.എൽ. കാർഡുടമകൾ അല്ലെങ്കിലും പ്രത്യേക നിയോഗം പഞ്ചായത്ത് മുഖാന്തിരം നൽകാനുള്ള തീരുമാനങ്ങൾ നടപ്പിലാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: സർ, ഇതൊരു പ്രത്യേക വിഷയമാണ്. ബി.പി.എൽ. തീരുമാനിക്കുന്ന കാര്യത്തിൽ ചില തർക്കങ്ങൾ മുഖാന്തിരം അതിന്റെ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ഇതുവരെ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ അവർക്ക് തുടർന്നും കിട്ടാനുള്ള നടപടികൾ എടുക്കണമെന്നാണ് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക പ്രശ്നമാണ്. അത് പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. പി. നാരായണൻ: സർ, തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി ബഹുമാനപ്പെട്ട മന്ത്രി അവിടെ പോകുന്നുണ്ടെന്നു പറഞ്ഞു. വളരെ നല്ല കാര്യമാണ്. കേരളത്തിലെ വൻകിട തോട്ടമുടമകൾ, തേയിലത്തോട്ടമുൾപ്പെടെയുള്ള തോട്ടങ്ങൾ നഷ്ടമാണെന്നുള്ളതിന്റെ പേരിൽ ആ സ്ഥലങ്ങളിലെല്ലാം വൻകിട റിസോർട്ടുകൾ പണിയാൻപോകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതു നിയന്ത്രിക്കുന്നതിന് എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്, നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതു നിയന്ത്രിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഇത് മാനേജ്മെന്റുകൾ കുറേക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഈ എസ്റ്റേറ്റുകളുടെ ടൂറിസം പൊട്ടൻഷ്യൽ ഡെവലപ് ചെയ്യാൻ കഴിയുന്ന സ്ഥലങ്ങളിൽ—കുറച്ചു സ്ഥലങ്ങളെങ്കിലും അതിനുള്ള സാധ്യതകളുണ്ട്. — ഇടുക്കിയുടെ പല പ്രദേശങ്ങളിലും ടൂറിസം ഡെവലപ് ചെയ്യാനുള്ള സാധ്യതകളുണ്ട്. തോട്ടത്തിന്റെ 5% സ്ഥലങ്ങൾ ഇതുപോലുള്ള ആവശ്യങ്ങൾക്കായി നേരത്തേയുള്ള പെർമിഷനോടുകൂടി ഉപയോഗപ്പെടുത്താനുള്ള അവകാശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അങ്ങനെ ഏതെങ്കിലും തോട്ടത്തിൽ ചെയ്തിട്ടുണ്ടായിരിക്കാം. 5% സ്ഥലം ടൂറിസം പ്രൊമോഷൻ പോലുള്ള കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള അവകാശം ഗവണ്മെന്റ് കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ (*79).

'കെയർ കേരളം' പദ്ധതി

*3 [79] *ശ്രീ. റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര തയ്യാറാക്കിയ 'കെയർ കേരളം' പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത് എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly